"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം - ആലപ്പുഴ നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പി.ജെ.തോമസ്-ന്റെ അനധികൃത ഹാജരില്ലായ്മ ക്രമവൽകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2951/2025/LSGD തീയതി,തിരുവനന്തപുരം, 12-12-2025

---

പരാമർശം:- തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.06.2025 തീയതിയിലെ LSGD/PD/34919/2024-DEC3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ നഗരസഭയിൽ എൽ.ഡി ക്ലാർക്ക്/ബിൽ കളക്ടറായി സേവനമനുഷ്ഠിച്ചിരുന്ന പി ജെ തോമസ് 11.11.2013 മുതൽ 16.08.2015 വരെയും, 01.12.2016 മുതൽ 07.01.2017 വരേയും 03.05.2018 മുതൽ ടിയാന്റെ വിരമിക്കൽ തീയതിയായ 31.03.2020 വരേയും അനധികൃതമായി അവധിയിലായിരുന്നതായും 28.05.2023ൽ മരണപ്പെട്ട പി ജെ തോമസ്-ന്റെ അനധികൃത ഹാജരില്ലായ്മ ശൂന്യവേതന അവധിയായി ക്രമീകരിച്ച് നൽകുന്നതിലേയ്ക്കായി അപേക്ഷയും അനുബന്ധരേഖകളും പരാമർശകത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തു ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ നഗരസഭയിൽ ക്ലാർക്കായിരുന്നതും നിലവിൽ മരണപ്പെട്ടിട്ടുള്ളതുമായ പി ജെ തോമസ്-ന്റെ 01.12.2016 മുതൽ 07.01.2017 വരെയുള്ള ഹാജരില്ലായ്മ കാലയളവുകൾ പരിവർത്തിതാവധി/ആർജ്ജിതാവധി ആയി ഇതിനോടകം ക്രമീകരിച്ചിട്ടുള്ളതാണ് എന്ന് കാണുന്നതിനാൽ, ടിയാന്റെ 11.11.2013 മുതൽ 16.08.2015 വരെയും, 03.05.2018 മുതൽ 31.03.2020 വരെയുമുള്ള അനധികൃത ഹാജരില്ലായ്മ കാലയളവുകൾ, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ. ഭാഗം I ചട്ടം 88 (iii) പ്രകാരം ശൂന്യവേതനാവധി ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ആലപ്പുഴ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 12-12-2025 14:11:45
സെക്ഷൻ ഓഫീസർ